# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4834 — 21.10.2011-ൽ മറുപടിയ്ക്ക്

### തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ഡോ: എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

(എ) തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിൽ നിന്നും വൈദ്യുതി ബോർഡിനെ തദ്ദേശസ്വയംഭരണ വകുപ്പ് ഒഴിവാക്കിയിട്ടുണ്ടോ;

(എ) തെരുവുവിളക്കുകളുടെപരിപാലനം സംബന്ധിച്ച പ്രവൃത്തികളിൽ നിന്നും വൈദ്യുതി ബോർഡിനെപൂർണ്ണമായും ഒഴിവാക്കിയിട്ടില്ല. ടി പ്രവൃത്തികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിൽ നിന്നുമാണ് വൈദ്യുതി ബോർഡിനെ . ഒഴിവാക്കിയിട്ടുള്ളത്.പകരം സംവിധാനമായി അംഗീകൃത കരാറുകാർക്ക് ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെ കരാർ നൽകുവാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ കരാറുകാരൻ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ്എഞ്ചിനീയറുടെ മേൽനോട്ടത്തിലാണ് തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച ജോലികൾ ചെയ്യേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) തെരുവ് വിളക്കുകളുടെ പരിപാലനം (റിപ്പയറും മെയിന്റനൻസും) സംബന്ധിച്ച് സർക്കാർ15.09.11-ൽ 3055/ഡിഎ3/11/തസ്വഭവ ആയി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)

(സി) അറ്റകുറ്റപ്പണികൾ ചെയ്യാൻ സ്വകാര്യ ഏജൻസികളെ ഏല്പിക്കാൻഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽആയതിന്റെ വിശദവിവരങ്ങൾലഭ്യമാക്കുമോ?

(സി) 15.09.11-ലെ 3055/ഡിഎ3/11/തസ്വഭവ നമ്പർ സർക്കുലർപ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾസംബന്ധിച്ചപ്രവർത്തികൾ ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെ സ്വകാര്യഏജൻസികൾക്ക് നൽകാനാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

1. നിലവിലുള്ള സ്റ്റോർ പർച്ചേസ് നിയമങ്ങൾ ബാധകമാക്കിക്കൊണ്ട് ടെൻണ്ടറിങ്ങിലൂടെ കെ എസ് ഇ ബി ഒഴികെയുള്ള മറ്റ് ഏജൻസികൾക്ക്(അംഗീകൃതകരാറുകാർക്ക് മാത്രം)ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെ നൽകുന്നതാണ്.

2.അംഗീകൃത കരാറുകാർക്ക് മാത്രം നൽകുന്ന ടി പ്രവൃത്തികൾക്കാവശ്യമായ

കറന്റ് ചാർജ് സംയുക്തമായോ കരാറിലെ വ്യവസ്ഥകൾക്കനുസൃതമായോതദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.

3.കരാറുകാരൻ കെഎസ്ഇബി ജീവനക്കാരുടെമേൽനോട്ടത്തിലാണ് അറ്റകുറ്റപ്പണികൾ സംബന്ധിച്ച പ്രവൃത്തികൾചെയ്യേണ്ടത്.

4. കരാർ പ്രകാരമുള്ള ജോലി നടക്കുന്ന സമയത്ത് തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്ക്തദ്ദേശസ്വയംഭരണവകുപ്പോ കെഎസ്ഇബിയോ ബാധ്യസ്ഥരല്ല.

5. കരാറുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ സിവിൽ കോടതികളിലും തിരുവനന്തപുരത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിലും മാത്രമേ നടത്താൻ പാടുള്ളൂ.

6. കരാർ രേഖകളിൽ സൂചിപ്പിക്കുന്ന തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികളുടെ 36 മാസത്തേക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ കരാറുകാരൻ ത്രൈമാസികമായിരേഖപ്പെടുത്തിയിരിക്കണം.

7. സമാന ജോലികളിലുള്ള മുൻപരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ കരാർ സമർപ്പിക്കുന്ന ആൾ ഹാജരാക്കേണ്ടതും ആകെ കരാർ തുകയുടെ 10% സെക്യൂരിറ്റി ഡിപ്പോസിറ്റായി നൽകേണ്ടതുമാണ്. കൂടാതെ ലൈസൻസുള്ള ഇലക്ട്രിക് സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ യോഗ്യതയും വൈദഗ്ധ്യവും ഉള്ള ആളുകളെ കൊണ്ടു മാത്രമേ കരാറുകാരൻ വർക്ക് ചെയ്യാൻ പാടുള്ളൂവെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.